**കേരള സർക്കാർ**

**സർക്കുലർ**

നമ്പർ. 6067/ബി.പി.ഇ2/06/പ്ളാനിംഗ്.

ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പ്,
തിരുവനന്തപുരം,

വിഷയം: പൊതുമേഖലാ സ്ഥാപനങ്ങൾ - മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2004 - 2006) - സമിതിയ്ക്ക് മുമ്പാകെ രേഖകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് - പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:--

1. പതിനൊന്നാം കേരള നിയമസഭയുടെ മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി (2004 - 2006) 15/02/2006 ൽ സമർപ്പിച്ച റിപ്പോർട്ട്.
2. കേരള നിയമസഭാ സെക്രട്ടറിയുടെ 18/05/2006 ലെ 5830/സി.പി.എൽ1/06/ലെജി. നമ്പർ കത്ത്.

പതിനൊന്നാം കേരള നിയമസഭയുടെ മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി (2004 - 2006) 15/02/2006 ൽ സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാനത്തെ ചില വകുപ്പുകളുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ യഥാസമയം നൽകുന്നതിൽ വീഴ്ച വരുത്തുന്നതായും, നൽകുന്ന മറുപടി തന്നെ വസ്തുനിഷ്ഠവും സുവ്യക്തവുമല്ലെന്നും റിപ്പോർട്ടു ചെയ്യുന്നു.

സർക്കാർ ധനസഹായം നൽകുന്ന സ്ഥാപനങ്ങളുടെ കണക്കുകൾ സംബന്ധിച്ച് പ്രസക്തവിവരങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കേണ്ടതും ലഭിച്ചു കഴി ഞ്ഞാൽ അവ പരിശോധിക്കേണ്ടതും നിയമസഭാ സമിതിയുടെ കർത്തവ്യവും, ആ കർത്ത വ്യം യഥാസമയം നിർവ്വഹിക്കുന്നതിന് കണക്കുകൾ ലഭ്യമാക്കേണ്ടത് സ്ഥാപനങ്ങളുടെ യും ബന്ധപ്പെട്ട വകുപ്പുകളുടെയും ചുമതലയാണ്. മേശപ്പുറത്ത് വച്ച കടലാസുകൾ

............ 2

സംബന്ധിച്ച സമിതി ഈ കാര്യം ഗൗരവമായി പരിശോധിക്കുകയും ചില വകുപ്പുകളുടെ അധീനതയിൽ വരുന്ന വിവിധ സ്ഥാപനങ്ങൾ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായും സമിതി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ഇക്കാര്യം സർക്കാർ ഗൗരവമായി കാണുന്നതോടൊപ്പം, സമിതി ആവശ്യപ്പെടുന്ന രേഖകൾ യഥാസമയം വസ്തുനിഷ്ഠവും സുവ്യക്തവുമായി സമയബന്ധിതമായി തന്നെ നൽകണമെന്നും, ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണെന്നും സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും അറിയിക്കുന്നു.

ജോൺ മത്തായി,
ചീഫ് സെക്രട്ടറി

സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും,

പകർപ്പ്: -- എല്ലാ ഭരണ വകുപ്പുകൾക്കും (ധനകാര്യ വകുപ്പുൾപ്പെടെ)
നിയമസഭാ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)